MR. K. T. THOMAS :

46. To reduce the total allotment of Rs. 26,023 for Taxes on Income by Rs. 3,336.

MR. P. C. ADICHAN :

47. To reduce the allotment of Rs. 71,200 for Capital Expenditure not charged to Revenue—Survey of Minor Circuits by Re 1

Motions for reduction of total grant under Demand I.

MR. C. JEBAMONY NADAR :

48. To reduce the total allotment of Rs. 10,08,917 under Demand I by Re. 1

MR. E. P. VARUGHESE :

49. To reduce the total allotment of Rs. 10,08,917 under Demand I by Re. 1.

MR. KAINIKKARA M. PADMANABHA PILLAI :

50. To reduce the total allotment of Rs. 10,08,917 under Demand I by Re. 1.

MR. P. V. MATHAI CHEMPARATHY :

51. To reduce the total allotment of Rs. 10,08,917 under Demand I by Re. 1.

MR. P. KUNJUKRISHNAN :

52. To reduce the total allotment of Rs. 10,08,917 under Demand I by Re. 1.

MR. P. K. KUNJU :

53. To reduce the total allotment of Rs. 10,08,917 under Demand I by Re. 1.

MR. V. K. VELAYUDHAN :

54. To reduce the total allotment of Rs. 10,08,917 under Demand I by Re. 1.

MR. KANNARA GOPALA PANICKAR :

55. To reduce the total allotment of Rs. 10,08,917 under Demand I by Re. 1.

The motion that a sum of Rs. 10,08,917 under Demand I—Land Revenue and Taxes on Income—was put to vote and carried.

The grant was made.

DEMAND II—PUBLIC SERVICE COMMISSIONER.

DR. G. D. NOKES : Sir, I move for a grant of Rs. 20,401 under Demand II—Public Service Commissioner.

Motion Nos. 56 and 57.

The following motions were not moved :

MR. S. NILAKANTA PILLAI

56. "To reduce the allotment of Rs. 3,045 for Secretary by Re. 1.

MR. S. NILAKANTA PILLAI :

57 To reduce the allotment of Rs. 3,045 for Secretary by Re. 1.

Motion No. 58.

MR. P. C. ADICHAN (*Nominated*) : Sir, I move "to reduce the allotment of Rs. 3,045 for Secretary by Re. 1".

സർ, പബ്ളിക് സർവീസിൽ അവശസമുദായങ്ങൾക്കു പ്രാതിനിധ്യം വേണമെന്നു പറയുന്നതിനുമുമ്പായി ഇന്നിവിടെ പ്രവൃത്തികാരന്മാരുടെ നിയമനത്തെപ്പറ്റി ബഹുമാന്യന്മാരായ മെമ്പറന്മാർ പുറപ്പെടുവിച്ച വാദപ്രതിവാദം ഞാൻ കാംക്ഷിക്കുന്നുണ്ട്. വർഗ്ഗീയപ്രാതിനിധ്യത്തോട് ഞാൻ അശേഷം യോജിക്കുന്നില്ല. വർഗ്ഗീയപ്രാതിനിധ്യം രാജ്യ

LIBRARY ARCHIVES Kerala Legislative Assembly

ത്തിന്റെ ദേശീയമായ പുരോഗതിക്ക് പ്രതിബന്ധമാണെന്നു സ്വയം സമ്മതിക്കുന്നതാണ്.

PRESIDENT : Will the honourable member stop for a while. I am going to arrange to explain the speech to Dr. Nokes as it is being made.

MR. P. C. ADICHAN: വെറും ഉദ്യോഗത്തിനും നിയമസഭാസ്ഥാനലബ്ധിക്കുംവേണ്ടിയുള്ള വാദം സമുദായത്തിലെ സാധുജനങ്ങളുടെ താല്പര്യത്തെ അവഗണിച്ചുള്ള സ്വാർത്ഥപൂരിതമായ വഞ്ചനയായിരിക്കും. എന്നാൽ ഞാൻ കുറവസമുദായത്തെ പ്രതിനിധീകരിക്കുന്ന ഒരാളല്ലേ എന്നു നിങ്ങൾക്കു ചോദിച്ചേക്കാം. ഇതിനു എനിക്കു ഉത്തരമില്ലെന്നും അതുസംശയിക്കേണ്ട. തിരുവിതാംകൂറിൽ വർഗ്ഗീയവാദംകൊണ്ടുവന്നതു അധഃപതിച്ചുകിടക്കുന്ന എന്നെപ്പോലെയുള്ള സുദായക്കാരല്ല. വിദ്യാസമ്പന്നരും സാമ്പത്തികനിലയിൽ ഉയർന്നവരുമായ വർഗ്ഗക്കാരാണ് ഈ സമുദായവാദം കൊണ്ടുവന്നിട്ടുള്ളതു്. വാസ്തവത്തിൽ ക്രിസ്ത്യാനിയും ഈഴവരും മുസ്ലീമും എങ്ങനെയാണു അവശസമുദായത്തിൽപെടുന്നതു് എന്നു എനിക്കു മനസ്സിലാകുന്നില്ല.

MR. K. R. NARAYANAN (*Interrupted-Not heard*):

MR. P. C. ADICHEN: തിരുവിതാംകൂറിൽ അവശതയനുഭവിക്കുന്നവർ യഥാർത്ഥത്തിൽ ഹരിജനങ്ങളാണ്. അവർക്കു മുൻഗണന നൽകണമെന്നു ഞാൻ പറയുന്നതു് ...

MR. K. KESAVAN: ഹരിജനങ്ങൾ ആരാണ്?

MR. P. C. ADICHAN : ഒരിക്കലും വർഗ്ഗീയവാദമാകുന്നില്ല. രാഷ്ട്രത്തിലെ പ്രധാനപ്പെട്ട ഒരു ഘടകമാണ് അവർ. അവരുടെ ശക്തിഹീനത രാഷ്ട്രത്തിന്റെ ശക്തിഹീനതയാണു. ഉദാഹരണമായി ബ്രിട്ടീഷിൻഡ്യയെത്തന്നെ അനുകരിക്കാവുന്നതാണ്. ഫെഡറേഷൻ ലണ്ടനിൽ വച്ചുകൂടിയ വട്ടമേശാസമ്മേളനത്തിൽ ന്യൂനപക്ഷപ്രശ്നം അതിസൂക്ഷ്മവുംകിലും അതു പരാജയമായിട്ടാണു തീർന്നതു്. ഒടുവിൽ പ്രധാനമന്ത്രിയായിരുന്ന മാഗ്ഡോണാൾഡ് ആണു ആ പ്രശ്നം തീരുമാനിച്ചതു്. ഹരിജനങ്ങളെ പ്രത്യേകമായി കരുതുന്ന ഒരു വ്യവസ്ഥയായിരുന്നു അതു്. മഹാത്മാഗാന്ധിയുടെ ലോകപ്രസിദ്ധമായ ഉപവാസത്തോടുകൂടി രൂപീകൃതമായ പൂനാപാക്ട് ബ്രിട്ടീഷ് ഗവണ്മെൻറിന്റെ ഉപദേശത്തെ ഭേദപ്പെടുത്തുകയും ഹരിജനങ്ങൾക്കു പൊതുനിയോജകമണ്ഡലങ്ങളിൽനിന്നു മത്സരിക്കാനുള്ള വ്യവസ്ഥകൾ ചെയ്യുകയും ചെയ്തു. എന്നാൽ വർഗ്ഗീയമായിട്ടുള്ള താല്പര്യങ്ങളെ ഏറെക്കുറെ അംഗീകരിക്കുന്ന ഈ നിയമവും

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. C. Adichan.]

ഇരുപതുവർഷക്കാലത്തേക്കുമാത്രമേ ഹരിജനനേതാവായിരുന്ന ഡാക്ടർ അംബ്ബക്കർ തുടങ്ങിയുള്ളവർ അനുകരിക്കാൻ ആവശ്യപ്പെട്ടുള്ളു. ഇതുതന്നെയാണു തിരുവിതാംകൂറിനെപ്പറ്റിയും എനിക്കു പറവാനുള്ളതു. ഹരിജനങ്ങളുടെ പ്രശ്നം വെറും സാമ്പത്തികവും വിദ്യാഭ്യാസപരവുമായിട്ടുള്ളതാണു. അവർ മറ്റുള്ള സമുദായക്കാരെപ്പോലെ ആയിത്തീരുവാൻ കുറെ വർഷങ്ങൾകൂടി വേണ്ടിയിരിക്കുന്നു.

(At this stage the Deputy President took the Chair.)

ഇന്നത്തെസ്ഥിതിയെ പരിഗണിക്കുകയാണെങ്കിൽ (ഒരു പത്തു കൊല്ലംവരെ) ഇതരസമുദായങ്ങളോടൊപ്പം ഞങ്ങളുടെ വിദ്യാഭ്യാസനിലയെത്തിച്ചേരുന്നതുവരെ ഞങ്ങൾക്കു പ്രത്യേക സൗജന്യങ്ങൾ നൽകേണ്ടതാണു്. തിരുവിതാംകൂറിലെ ഹരിജനങ്ങൾക്കു ഇന്നത്തെ ഈഴവന്റെയോ ക്രിസ്ത്യാനിയുടേയോ മുസ്ലീമിന്റെയോ നിലയിൽ എത്തിച്ചേർന്നിട്ടുണ്ടായിരുന്നുവെങ്കിൽ ഞങ്ങൾ തലയെണ്ണി ഉദ്യോഗംതരണമെന്നോ ആൾഎണ്ണി നിയമസഭയിൽ സ്ഥാനം തരണമെന്നോ വാദിക്കുകയില്ലായിരുന്നു. അങ്ങനെയുള്ള ലജ്ജാവഹമായ മനസ്ഥിതി ഹരിജനങ്ങൾക്കെങ്കിലും ഉണ്ടാകാതിരിക്കട്ടെയെന്നാണു് എന്റെ പ്രാർത്ഥന. പൂനാപാക്ടിന്റെ ഫലമായിട്ടാണു് ബ്രട്ടീഷ് ഇൻഡ്യയിൽ അഭിവൃദ്ധിയുണ്ടായിട്ടുള്ളതു്. മദ്രാസ്കൗൺസിലിൽ പൂനാപാക്ടിനുമുമ്പു് ഹരിജനങ്ങൾക്കു് ഫ൦ സീറുണ്ടായിരുന്നതു ഇപ്പോൾ ന൦ ആയിത്തീർന്നു. അതുപോലെതന്നെ ബംഗാൾ അസംബ്ലിയിൽ ൪൦ ഹരിജനസീറുകളാണു് ഇപ്പോൾ ഉള്ളതു്. അതിനാൽ അവശസമുദായങ്ങളെ സംബന്ധിച്ചിടത്തോളം ഗവണ്മെൻറിൽനിന്നും പ്രത്യേകം സൗജന്യങ്ങൾ ചെയ്യണമെന്നാണു് എനിക്കു് അപേക്ഷിക്കുവാനുള്ളതു്. സമുദായത്തിൽ അങ്ങുമിങ്ങും ഒന്നരണ്ടുപേർ ചെറിയ പരീക്ഷകൾ ജയിച്ചുവരുന്നുണ്ടു്. അവർക്കു തീർച്ചയായും പബ്ലിക്കു് സർവീസിൽ ഉദ്യോഗം ഉടയുണ്ടായി കൊടുക്കുന്നതു് വളരെ അനുഗ്രഹമായിരിക്കുമെന്നാണു് എനിക്കുള്ള അപേക്ഷ.

Mr. N. JOHN JOSEPH : സർ, ഞാൻ ഈ ഉപക്ഷേപത്തിൽ അടങ്ങിയിരിക്കുന്ന തത്വത്തെ അനുകൂലിക്കുന്നു. എന്നാൽ തത്വത്തിനു വിപരീതമായി ഉപക്ഷേപം അവതരിപ്പിച്ച മെമ്പർ ഉദ്ധരിച്ചയാതൊന്നിനേയും ഞാൻ അനുകൂലിക്കുന്നില്ല. വർഗീയപ്രാതിനിധ്യം ഗവണ്മെൻറു തന്നെയാണു മുന്നോട്ടു കൊണ്ടു വന്നതെന്നു കാണാം. ഗവണ്മെൻറിൽ നിന്നും പ്രത്യേക നിയോജകമണ്ഡലങ്ങൾ തിരിച്ചു് ചില സമുദായക്കാർക്കു് ഇത്രയിത്ര സീറു് റിസർവു് ചെയ്യണമെന്നു നിശ്ചയിച്ചതു നമുക്കെല്ലാവർക്കും അറിയാവുന്നതാണല്ലോ.

LIBRARY ARCHIVES Kerala Legislative Assembly

(At this stage the President presided.)

ഇന്നത്തെനിലക്ക് ഉയർന്നുനിൽക്കുന്ന സമുദായങ്ങളോടൊന്നിച്ചു പോകുന്നതിനു ഒരു നൂറോ നൂററിയൻപതോ വർഷം കഴിഞ്ഞാലും സാധിക്കുമെന്നുതോന്നുന്നില്ല. വർഗ്ഗീയ പ്രാതിനിദ്ധ്യമനുസരിച്ചു് ഉദ്യോഗങ്ങൾ കൊടുക്കാത്തപക്ഷം അടുത്തകാലത്തെങ്ങും ഈ വഴക്ക് തീരുന്ന ലക്ഷണവും കാണുന്നില്ല. ഇറ്റീഷിൻഡ്യയിലെ കാര്യങ്ങൾക്കും ഇവിടത്തെ കാര്യങ്ങൾക്കും വലിയ വ്യത്യാസമുണ്ടെന്നു് ഗവണ്മെൻറിനു തന്നെ അറിയാവുന്ന ഒരു സംഗതിയാണു്. അവശത അനുഭവിക്കുന്ന സമുദായങ്ങൾക്ക് അവരുടെ ജനസംഖ്യാനുപാതികമായ ഉദ്യോഗവുംപ്രാതിനിദ്ധ്യവും കൊടുത്തു് മറുള്ളവരോടൊപ്പമാക്കേണ്ടതു് ഗവണ്മെറിന്റെ കടമയാണു്. അങ്ങനെ ചെയ്യാതിരിക്കുന്നിടത്തോളം കാലം അസമത്വം നിലനിൽക്കുന്നതിനും ഗവണ്മെൻറിനു് പരാതികേൾക്കുന്നതിനും എന്നെപ്പോലുള്ള സങ്കടം അനുഭവിക്കുന്നവർ സങ്കടം പറയുന്നതിനും സംഗതിയായികൊണ്ടിരിക്കുകതന്നെചെയ്യും.

മുമ്പ് ഡിപ്പാർട്ടുമെൻറ് മേലദ്ധ്യക്ഷന്മാർ ഉദ്യോഗനിയമനം നടത്തിവന്നകാലത്തു് ഇന്നത്തെക്കാൾ ഉദ്യോഗം അവശസമുദായക്കാർക്കു കിട്ടിക്കൊണ്ടിരുന്നു. പബ്ളിക്ക് സർവീസ് കമ്മീഷണരുടെ നിയമനം ഞങ്ങൾക്കു് ഉദ്യോഗം കിട്ടുന്നതിനു് പ്രതിബന്ധമായി തീർന്നിരിക്കുന്നു. വിദ്യാഭ്യാസം, ധനസ്ഥിതി, ഉദ്യോഗപ്രാതിനിദ്ധ്യം മുതലായവയിൽ ഉയർന്നുനിൽക്കുന്ന വിഭാഗങ്ങളായ മാത്തോമാ ജാക്കബൈറു, ലാറിൻ, സിറിയൻ കാത്തലിക്ക എന്നിങ്ങനെയുള്ള വിഭാഗങ്ങളോടാണ് ഗവണ്മെൻറ് അവശസമുദായ ക്രസ്ത്യാനികളെ ഉൾപ്പെടുത്തിയിരിക്കുന്നതു്. അതു ശരിയല്ല. എന്നാൽ ഓരോ സഭയിലുംചേർന്നിട്ടുള്ള അവശസമുദായ ക്രസ്ത്യാനികളുടെ ജനസംഖ്യ സെൻസസ്സ് കൊണ്ടു് കണ്ടുപിടിക്കാവുന്നതല്ല. എന്നാൽ സമുദായം സംബന്ധിച്ച ഹിന്തുക്കളെത്ര, ക്രസ്ത്യാനികളെത്ര എന്ന സെൻസസ്സു റിപ്പോർട്ടിലും സ്ഥിതിവിവരപ്പട്ടികയിലും നിന്നു കണ്ടുപിടിക്കാവുന്നതാണു്. ആ തോതുവെച്ചുകൊണ്ടു അവശസമുദായ ക്രസ്ത്യാനികളെ സവർണ്ണ ക്രസ്ത്യാനികളിൽ നിന്നു വേർതിരിച്ചു എണ്ണുകയും അവരെ ക്രസ്ത്യാനികളുടെ ഒരു വിഭാഗമായിക്കരുതി ഉദ്യോഗം നൽകുകയും ചെയ്യണമെന്നു ഞാൻ ഗവണ്മെൻറിനെ ഉൽബോധിപ്പിക്കുന്നു. അവശസമുദായ ക്രസ്ത്യാനികൾക്ക് റൊട്ടേഷൻ അനുസരിച്ചു ഉദ്യോഗദാനം നൽകുന്ന ഏർപ്പാട് പ്രയോജനപ്രദമല്ല. റൊട്ടേഷൻ അനുസരിച്ചു അൻപ

LIBRARY ARCHIVES Kerala Legislative Assembly

[Mr. N. John Joseph]

ത്തഞ്ചു ഉദ്യോഗങ്ങളിൽ മാത്തോമ്മാ യാക്കോബായാ, സിറിയൻക ത്തോലിക്കാ, ലത്തീൻ ക്രസ്ത്യാനികൾ, മറ്റു ക്രസ്ത്യാനികൾ എന്നി വർക്കു ഇരുപതു ഉദ്യോഗം ലഭിക്കത്തക്കവണ്ണം പബ്ളിക്കു് സർവീസ്സു് റൂളുണ്ടു്. അതിൽ പത്തു് ഉദ്യോഗം അവശസമുദായത്തിൽപ്പെട്ട ക്രസ്ത്യാനികൾക്കു് നീക്കിവെച്ചുകൊടുക്കത്തക്കവണ്ണം ഗവണ്മെൻറ് റൂൾമാററി ആർഡർചെയ്യണം. ഹിന്ദുക്കളെ സംബന്ധിച്ചു് പറയുകയാണെങ്കിൽ ഒരു ലക്ഷത്തോടടുപ്പിച്ചു് ജനസംഖ്യയുള്ള അധഃകൃതർക്കു് റൊട്ടേഷൻ അനുസരിച്ചു് ഉദ്യോഗം കൊടുക്കണമെന്നു് വ്യവസ്ഥവെച്ചിട്ടുണ്ടു്. എന്നാൽ മറുഹിന്ദുക്കളുടെ ന്യൂനപക്ഷക്കാരെയെല്ലാം ചേർത്തു് തരംതിരിച്ചിട്ടുള്ളതുകൊണ്ടു് അതിലും അവശസമുദായക്കാർക്കു് ശരിയായി പ്രാതിനിധ്യം ലഭിക്കാൻ വിഷമമായിട്ടാണ് കാണുന്നതു്. അതിനാൽ അവശസമുദായക്കാരുടെ അസമത്വം നീങ്ങുന്നതുവരെ ഒഴിവുകൾ ഉണ്ടാകുമ്പോൾ പകുതി അവർക്കായി കുറെക്കാലത്തേക്കെങ്കിലും നീക്കിവെച്ചു് കൊടുക്കണമെന്നു് ഞാൻ ഗവണ്മെൻറിനെ ഉൽബോധിപ്പിച്ചുകൊള്ളുന്നു. വർഗ്ഗീയപ്രാതിനിധ്യതത്വം സ്വീകരിക്കാത്തപക്ഷം അവശർ മുന്നോട്ടു വരികയില്ല. അതുകൊണ്ടു് മി. ആതിച്ചൻ ഇവിടെ പുറപ്പെടുവിച്ച അഭിപ്രായങ്ങൾ അവശസമുദായത്തിൻറെതാണെന്നു് ഞാൻ വിചാരിക്കുന്നില്ല. അതു് ഹിന്ദുക്കളിലും ക്രസ്ത്യാനികളിലും ഉള്ള അവശതയനുഭവിക്കുന്ന വിഭാഗങ്ങളുടെ പുരോഗമനത്തിനു് പറ്റിയതുമല്ല. പബ്ളിക്കു് സർവീസ്സു് കമ്മീഷൻ റിക്രൂട്ടുമെൻറുവ്യവസ്ഥ ഇവിടത്തെ അവശസമുദായങ്ങൾക്കു് ഉദ്യോഗങ്ങൾ ലഭിക്കുന്നതിനു് പറ്റിയതല്ല. ആ റൂളിൽനിന്നു അവശസമുദായ ക്രസ്ത്യാനികളെയും ഹിന്ദുക്കളെയും ഒഴിക്കേണ്ടതാണു്, ഗവണ്മെൻറു് അവരെ ഏറെറടുത്തു് സ്പെഷ്യലായി അവർക്കു് എല്ലാഡിപ്പാർട്ടുമെൻറിലും ഉദ്യോഗം നൽകണമെന്നു് അഭ്യർത്ഥിച്ചുകൊണ്ടു് ഈ ഉപക്ഷേപത്തിൽ അടങ്ങിയിരിക്കുന്ന തത്വത്തോടു ഞാൻ യോജിക്കുന്നു.

MR. P. J. SEBASTIAN: Sir, I also support the motion of the honourable member Mr. Adichan but not for the reasons stated by him. I may assure the House that the cry for communal representation in proportion to the population was not started by the Christians, the Ezhavas or the Muslims. It was taken up first by the Nair against the Brahmin community in Travancore as evidenced by the "Malayali Memorial". Unfortunately and curiously enough the very song which they taught us has become jarring to them and they turn round and

LIBRARY ARCHIVES Kerala Legislative Assembly

now attack the principle of communal representation. No doubt when we understand the advantages and profits which some communities now enjoy because of the monopoly, we can certainly appreciate the attitude they take in the matter. I impress upon the Government that unless the principle of communal representation is accepted and applied in all the different branches of the Public Service there will not be the possibility of harmony and peace in this land. The only question as far as Travancore politics is concerned, to be considered by publicists or by members of this Assembly is representation in the legislatures and in the Public Service. As far as representation in the legislature concerned Sir, I may say that the question has been more or less satisfactorily settled. The other question that remains to be solved is representation in the public service. Now as a result of the agitations carried on by the communities concerned a Public Service Commissioner was appointed. Of course, before the appointment of the Commissioner the communal spirit among the appointing officers was so rampant that the Government being convinced of it appointed a European as a Commissioner. It may be said that the Syrian and Latin Catholics, Ezhavas, Muslims and other unrepresented communities fondly thought that this appointment would work wonders. But what is the actual result? There is the Commissioner appointed but with no powers. The powers given to him are limited. In the first place public service itself is defined in such a way as to exclude many appointments such as the appointment of Munsiffs, Official Receivers and Law College Professors. Secondly, the public service is divided into three grades. In the first *ie* the higher division; the principle of communal representation is not accepted at all. In the second, *i. e.* the intermediate division, the principle extends only to 40% of the vacancies. Here also there is one difficulty. At first blush, it may appear that 40% of the vacancies will be filled from candidates belonging to backward or inadequately represented communities. In the matter of promotions and transfers communal representation need not be adhered to. So if there is vacancy in the intermediate division of course there is no bar to fill it up by promotion from the lower Division, and the result is that even the Public Service Commissioner who is a big man getting a big pay can appoint only the lowest paid officers in this grade where alone we get the advantage of the principle of communal representation. With regard to the appointment of Proverthicars it is included in the intermediate division. So there communal representation is rendered practically impossible. This is how the system is being worked now. Yesterday one honourable friend said that the defect is both with the person and with the rules. I submit there is absolutely no defect in the person provided he is given sufficient powers. It is no wonder that he is not in a position to do any good to the communities which are inadequately represented in the public service. My submission is that the principle of communal representation should be accepted as far as the whole public service is concerned. Until that is done the demand on the floor of the House is

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. J. Sebastian.]

not going to stop. I may assure you Sir, that we in this party are the elected representatives of the various communities and our mandate is to press for the recognition of our respective claims in the public service.

MR. E. E. PANDARATHIL: Sir, I wish to contribute a few words to the discussion at hand on behalf of the Nambuthiri community to which I belong. We form only a very small minority when compared to other communities of the State. Our position in the State is like some rare species of game animals protected by the Game Warden.

PRESIDENT: The Game Warden protects only wild animals.

MR. E. E. PANDARATHIL: Sir, we are also just like the big game protected by the Game Warden but protected by the Government from attacks and destruction from the major and stronger communities. So I drew that analogy. Sir, the days of jenmies are gone and now we hear that a jenmy may possess properties in various taluks but by an irony of fate they are very poor. In point of education also they are very backward. Now 'jenmy' is only a synonim for a rich man. The odium of a rich man sticks to him but in fact in actual life he is a poor man. Therefore what I submit is that along with the community of Mr. Adichan we must also be given due representation in the public service.

MR. KAVIYOOR K. K. KOCHUKUNJU (*Nominated*): സർ, ഈ ഉപക്ഷേപത്തിൽ അടങ്ങിയിരിക്കുന്ന തത്വത്തെ ഞാൻ അനുകൂലിക്കുന്നു. പബ്ലിക്ക സർവീസിൽ പ്രാതിനിദ്ധ്യം ധാരാളം കൈവശമാക്കി വച്ചു കൊണ്ടിരിക്കുന്ന ചില സമുദായക്കാരുടെ ആദർശത്തെ അടിസ്ഥാനപ്പെടുത്തി എന്റെ ഒരു മാന്യസ്നേഹിതൻ ആയ മി. ആദിച്ചൻ ഇവിടെ സംസാരിച്ചതിൽ ഞാൻ വ്യസനിക്കുന്നു. ന്യൂനപക്ഷസമുദായങ്ങൾക്കു അതായതു് അവശസമുദായങ്ങൾക്കു ഏതെങ്കിലും തരത്തിൽ ഒരു ഉൽക്കർഷം ഉണ്ടാകണമെങ്കിൽ വർഗ്ഗീയപ്രാതിനിദ്ധ്യം അനുസരിച്ചുള്ള നിയമനം ഒന്നുകൊണ്ടുമാത്രമെ സാധിക്കുകയുള്ളു എന്നാണെന്റെ അഭിപ്രായം. ഇങ്ങനെ വർഗ്ഗീയപ്രാതിനിദ്ധ്യം അനുസരിച്ചുള്ള നിയമനം കൂടാതെ ന്യൂനപക്ഷസമുദായാംഗങ്ങൾക്കു ഒരു ഉൽക്കർഷം പ്രാപിക്കാമെന്നുവിചാരിക്കുന്നതിന്റെ ഫലം പരുന്തിന്റെ കാലിൽ തൂങ്ങിക്കിടക്കുന്ന സർപ്പത്തിന്റെ വായിൽ ഇരിക്കുന്ന തവളയുടെ വായിൽ ഇരിക്കുന്ന വണ്ടു മധുവുണ്ടു് ആനന്ദിച്ചു ജീവിച്ചുകൊള്ളാമെന്നു വിചാരിക്കുന്നതു പോലെ ആയിരിക്കുമെന്നു ഞാൻ ധൈര്യമായി പറയുന്നു. ഈ അവസരത്തിൽ ഞാൻ ഉൾപ്പെട്ട സമുദായത്തെപ്പറ്റിയുള്ള ചില പ്രധാന സംഗതികൾ ബഹുമാനപ്പെട്ട ഗവണ്മെന്റിന്റെ മുൻപാകെ കൊണ്ടുവരണമെന്നു ആഗ്രഹിക്കുന്നുണ്ടു്. ഒരു ചരടിന്റെ ഒരറ്റത്തു ഒരു ആമ

LIBRARY ARCHIVES Kerala Legislative Assembly

യേയും മറേറ അറേറത്തു് അണ്ണാനേയും കെട്ടിയിട്ടിട്ടു് രണ്ടംക്കുടി ജീവിച്ചുകൊള്ളട്ടെ എന്നു പറയുന്നതുപോലെയാണു് എന്റെ സമുദായത്തിന്റെ ഇന്നത്തെ അവസ്ഥ. സംസ്ക്കാരം ഇല്ലാത്തതും ഉള്ളതുമായ അനേകം സമുദായങ്ങൾ ഉൾപ്പെട്ടതി മറു ഹിന്ദുക്കൾ എന്നുള്ള വകുപ്പിലാണു് എന്റെ സമുദായത്തെ ഉൾപ്പെടുത്തിയിരിക്കുന്നതു്. നൂറോ നൂററിയിരുപതോ വർഷങ്ങൾക്കു മുൻപുമുതൽ വേണ്ടതരത്തിലുള്ള വിദ്യാഭ്യാസം ചെയ്തു സംസ്ക്കാരം സിദ്ധിച്ചു ഉയന്ന സമുദായങ്ങളായി കഴിഞ്ഞുവരുന്ന ജനങ്ങളുടെ ഇടയിലുള്ള അപേക്ഷകന്മാർക്കും കുറച്ചുകാലത്തിനിപ്പുറമായിമാത്രം വിദ്യാഭ്യാസം ചെയ്യുന്നതിനു സ്വാതന്ത്ര്യം ലഭിച്ചിട്ടുള്ള സമുദായങ്ങളിലെ ഉദ്യോഗാർത്ഥികൾക്കും തമ്മിൽ മത്സരപ്പരീക്ഷ വച്ചു അതിൽ വിജയിയാകുന്നവർക്കു പബ്ലിക്കു സർവീസിൽ പ്രവേശം കൊടുക്കാം എന്നു നിശ്ചയിച്ചിട്ടുണ്ടു്. ഡിപ്പാർട്ടുമെന്റു മേലധ്യക്ഷന്മാരുമായുള്ള സ്വാധീനംകൊണ്ടും മറുതരത്തിൽ ലഭിച്ചിട്ടുള്ള സംസ്കാരംകൊണ്ടും ഉയന്നിലയിലിരിക്കുന്ന ആളുകളോടു മത്സരിച്ചു വിജയികളാകുന്നതിനു ഈ പാവപ്പെട്ടവർക്കു സാധിക്കുകയില്ല എന്നുള്ളതു് ഒരു പരമാർത്ഥം മാത്രമാണു്. അതുകൊണ്ടു് പബ്ലിക്കു് സർവീസിൽ വർഗ്ഗീയപ്രാതിനിധ്യതത്വമനുസരിച്ചു പ്രവേശനം കൊടുക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. സ്വാതന്ത്ര്യവും സുഖവും സർവമനുഷ്യസൃഷ്ടിയുടേയും ജന്മാവകാശമാണെന്നു വിശ്വസിച്ചുപോരുന്ന ഒരു ഉൽകൃഷ്ടസമുദായത്തിലെ അംഗമായ ദിവാൻജി അവർകൾ അവശസമുദായങ്ങളുടെ ഇന്നത്തെ സങ്കടത്തെക്കുറിച്ചു് ഗാഢമായി ആലോചിച്ചു് വേണ്ട പരിഹാരം ഉണ്ടാക്കുമെന്നുള്ള മനഃപൂർവ വിശ്വാസത്തിന്മേൽ ഈ വക സംഗതികൾ അവിടത്തെ വിലയേറിയ വിചിന്തനത്തിനു ഞാൻ വിധേയമാക്കുന്നു.

MR. N. VELU ACHARY: സർ, ഞാൻ പ്രതിനിധീകരിക്കുന്നതു് വിശ്വകർമ്മസമുദായത്തെയാണു്. ഈ വിശ്വകർമ്മ സമുദായം അനേകായിരം വർഷങ്ങൾക്കു മുമ്പുമുതലേ കരകൗശലത്തിൽ വളരെ പ്രാമാണ്യമുള്ളവരായിരുന്നു. ഇന്നു ലോകത്തു കാണുന്ന പലതരത്തിലുള്ള മാളികകൾ, ഗോപുരങ്ങൾ, വിഗ്രഹങ്ങൾ, ആകർഷകങ്ങളായ സാദനങ്ങൾ മറു ഉപയോഗഉപകരണങ്ങൾ മുതലായവ ഇവരുടെ കരകൗലനത്താൽ സമർപ്പിതമായിട്ടുള്ളവയാണു്. അതുകൊണ്ടു് അവക്കു് ഉൽകൃഷ്ടമായ ഒരുസ്ഥാനമുണ്ടായിരുന്നു. ഇങ്ങനെ കുറെക്കാലം കഴിഞ്ഞു അവക്കു വിദ്യാഭ്യാസത്തിലുള്ള ജ്ഞാനക്കുറവുകൊണ്ടോ ഉത്സാഹക്കുറവുകൊണ്ടോ അ

LIBRARY ARCHIVES Kerala Legislative Assembly

[Mr. M. Velu Achari.]

ല്ലെങ്കിൽ മറ്റു ജനങ്ങൾക്കു ഉപകാരമുള്ളവരായതുകൊണ്ടു് അവരെ പഠിപ്പിക്കേണ്ട എന്നു വിചാരിച്ചു് വിദ്യാലയങ്ങളിൽ പ്രവേശിപ്പിക്കാത്തതുകൊണ്ടോ ഏതായാലും ഈ ഇരുപതാംനൂറ്റാണ്ടായപ്പോൾ അവർക്കു പാശ്ചാത്യ വിദ്യാഭ്യാസം തീരെയില്ലാതായിത്തീർന്നു. തന്നിമിത്തം പബ്ലിക്കു സർവീസിൽ പ്രവേശനവും ഇല്ലാതായി. ഇങ്ങനെ പ്രവേശനം ലഭിക്കാതെ പരിഷ്കൃതലോകത്തിന്റെ സ്ഥിതിഗതികൾ മനസ്സിലാക്കിത്തുടങ്ങിയപ്പോൾ വിശ്വകർമ്മസമുദായത്തിൽപ്പെട്ടവർ ധാരാളമായി പഠിച്ചുതുടങ്ങി. തൽഫലമായി കൈവിരൽകൊണ്ടു എണ്ണത്തക്ക വിധത്തിൽമാത്രം പത്തോ പന്ത്രണ്ടോ ഗ്രാഡുവേറ്റും അനേകം നാൺ ഗ്രാഡുവേറ്റുസും സ്കൂൾഫൈനൽസും ശാസ്ത്രികളും മഹോപാദ്ധ്യായന്മാരും ഉണ്ടായിട്ടുണ്ടു്. ഇവരെല്ലാം ഉദ്യോഗത്തിനുവേണ്ടി ഇപ്പോൾ റോഡുനീളെ നടക്കുകയാണു ചെയ്യുന്നതു്. പണ്ടത്തെ പിതാക്കന്മാരുടെ കരകൌശല വൈദഗ്ദ്ധ്യം ഇവർക്കുണ്ടായിരുന്നെങ്കിൽ റോഡുനീളെ ഇപ്രകാരം തെണ്ടിനടക്കേണ്ടയാവശ്യം വരുകയില്ലായിരുന്നു. ഈ വിധത്തിൽ അവർക്കു ഉദ്യോഗവുമില്ല സ്വന്തതൊഴിലുമില്ല എന്നുള്ള നിലവന്നു ചേർന്നിരിക്കയാണു്. ഇപ്പോൾ ബഹുമാനപ്പെട്ട ഗവണ്മെൻറു ജനസംഖ്യ അനുസരിച്ചുള്ള ഉദ്യോഗവിതരണം നടത്തിക്കൊണ്ടിരിക്കുന്നു എന്നുള്ളതിനെ ഞാൻ സർവാത്മനാ അഭിനന്ദിക്കുകയും ഗവണ്മെൻറിന്റെ ആ നയത്തെ സ്വാഗതം ചെയ്തുകൊള്ളുകയും ചെയ്യുന്നു. പക്ഷെ എന്റെ സമുദായത്തിലെ മേൽപറഞ്ഞ അംഗങ്ങൾക്കു ഉദ്യോഗവിഷയത്തിൽ ശരിയായപ്രാതിനിദ്ധ്യം കൊടുത്തുകാണാത്തതിൽ ഞാൻ മനസ്താപിക്കുന്നു. ഞാൻ ഉൾപ്പെട്ട സമുദായത്തിൽ വിദ്യാഭ്യാസമുള്ള പലർക്കും ഇന്നു ഉദ്യോഗമില്ലാതിരിക്കുകയാണു്. അവർക്കും മറ്റും ഗുണം ഉണ്ടാകത്തക്കവിധത്തിൽ, അതായതു് ബാക്കു്വേഡ് കമ്മ്യൂണിറ്റിയെ സഹായിക്കുന്നതിനുവേണ്ടി കൊണ്ടുവന്നിട്ടുള്ള ഈ ഉപക്ഷേപത്തെ ആ കാരണത്താൽ ഞാൻ പിൻതാങ്ങികൊള്ളുന്നു.

നമ്മുടെ രാജ്യത്തു ഉദ്യോഗത്തിനുവേണ്ടി മുമിക്കുക എന്നുള്ള ഒരു വിചാരമാണു് എല്ലാവരിലും കാണുന്നതു്. എന്നാൽ എന്റെ സമുദായത്തിൽപ്പെട്ടവനായാലും മറ്റു സമുദായത്തിൽപ്പെട്ടവനായാലും ഉദ്യോഗത്തിനുവേണ്ടിമാത്രം ആശിക്കുന്നതു് വലിയ നികൃഷ്ടകരമാണെന്നേ പറയുന്നുള്ളു. നമ്മുടെ നാട്ടിൽ ഗംഭീരമായ പല വ്യവസായങ്ങളും നടത്തുന്നതിനു വലിയ സൗകര്യങ്ങളുണ്ടു്. നമ്മുടെ മഹാരാജാവു തിരുമനസ്സുകൊണ്ടു് ഈസ്റ്റിൻഡീസിൽ എഴുന്നള്ളിയ അവസരത്തിൽ കല്പിച്ചിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

പ്രവചനം വളരെ മഹത്തായിട്ടുള്ളതാണു എന്നു എല്ലാവരും ഓർക്കേണ്ടതാണു്. മഹാരാജാവുതിരുമനസ്സുകൊണ്ടു് കല്പിച്ചതു് ഇതാണു്. അതു കേട്ടപ്പോൾ എന്റെ ഹൃദയത്തിനു വളരെ സന്തോഷമുണ്ടാകുകയും വ്യവസായവിഷയത്തിൽ വളരെ ഉന്മേഷമുണ്ടാകുകയും ചെയ്തു. നമ്മുടെ നാട്ടിൽ കുടിലുകൾ ഒന്നുംതന്നെ പാടില്ലെന്നും .., ...

PRESIDENT: Order, order. The House will now adjourn to meet again at 11 o' clock tomorrow.

The Assembly adjourned at 5 P. M.

E. I. CHACKO,
Secretary to the Sri Mulam Assembly.

LIBRARY ARCHIVES Kerala Legislative Assembly